(ബി) ബോട്ട സർവ്വീസ് എല്ലാ ദിവസവും മുടക്കം കൂടാതെ നടത്തേണ്ടതുണ്ട്. ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം 20 കാഷ്വൽ ലീവും 22 കോമ്പൻസേറ്ററി ഓഫും (എൻ.എച്ച്.) നൽകുന്നുണ്ട്. ഇപ്രകാരമുള്ള ലീവുകൾ കൂടി കണക്കിലെടുത്താണ് ഒരു ബോട്ടിന് 3 സെറ്റ് ജീവനക്കാരെ (15 ജീവനക്കാർ) അനുവദിച്ചിട്ടുള്ളത്. രണ്ടാം ശനിയാഴ്ച അവധി ദിനമായി അനുവദിക്കുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസിലെ വിധി വന്നശേഷമേ തീരുമാനം സാദ്ധ്യമാകൂ.

ടാങ്കർ ലോറി അപകടങ്ങൾ

331 (333) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടാങ്കർ ലോറി അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി ഫയർഫോഴ്സിന് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) കണ്ണൂർ ജില്ലയിൽ അടിക്കടി ഉണ്ടാകുന്ന ടാങ്കർ ലോറി അപകടങ്ങൾ കണക്കിലെടുത്ത് ആധുനിക ഉപകരണങ്ങളോടുകൂടിയ ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് കേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരിയിൽ 2014 ജനുവരി 14-ാം തീയതി ടാങ്കർ ലോറി അപകടം ഉണ്ടായപ്പോൾ പ്രശംസനീയമായ പ്രവർത്തനം നടത്തിയ ഫയർ ഫോഴ്സ് 'ജീവനക്കാർക്ക് പാരിതോഷികം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) 1. പാചക വാതകം കൊണ്ടു പോകുന്ന എൽ.പി.ജി. ബുള്ളറ്റ് ടാങ്കുകളുടെ അപകട ഭീഷണി ഒഴിവാക്കുന്നതിനായി കർശന പരിശോധന നടത്തുവാൻ നിർദ്ദേശിച്ചുകൊണ്ട് ട്രാൻസ്പോർട്ട് കമ്മീഷണർ 12-11-2013-ലെ 25/13-ാം നമ്പർ സർക്കുലർ പ്രകാരം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 336 എ ഭേദഗതി ചെയ്ത് എൽ.പി.ജി. വലിയ അളവിൽ കൊണ്ടുപോകുന്ന ഗ്രഡ്സ് വാഹനങ്ങളുടെ ഗതാഗതത്തിന് രാവിലെ 8 മണി മുതൽ 11 മണിവരെയും വൈകുന്നേരം 4 മണി മുതൽ 6 മണിവരെയും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റോഡ് സുരക്ഷ, വാഹനങ്ങളുടെ ഗതാഗതം എന്നിവ പരിഗണിച്ചുകൊണ്ട് പ്രാദേശികമായി ഇത്തരം

LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങളുടെ ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള അധികാരം ബന്ധപ്പെട്ട റീജിയണൽ ട്രാൻപോർട്ട് അതോറിറ്റിക്ക് നല്കിയിട്ടുണ്ട്.

3. പാചക വാതകം വഹിച്ചുകൊണ്ടുപോകുന്ന വാഹനങ്ങളുടെ ഗതാഗതം നിരന്തരം പരിശോധിക്കുകയാണെങ്കിൽ അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാം എന്ന് മനസ്സിലാക്കി ഇത്തരം വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിക്കുന്നതിനായി വിവിധ ഓയിൽ കമ്പനികളുമായി സർക്കാർ ചർച്ച നടത്തുകയും ഇക്കാര്യത്തിൽ ഓയിൽ കമ്പനികൾ തീരുമാനം അറിയിക്കാമെന്ന് പറഞ്ഞിരുന്നതുമാണ്. എന്നാൽ ഇതുവരെ മറുപടി ലഭിച്ചിട്ടില്ല. എങ്കിലും സർക്കാർ നടപടികളുമായി മുന്നോട്ടുപോകുകയാണ് സ്വീകരിച്ചുവരുന്നു.

4. ടാങ്കർ ലോറികളുടെ തെറ്റായ ഡിസൈൻ അപകടകാരണങ്ങളിൽ ഒന്നാണെന്ന് മനസ്സിലാക്കി ഇക്കാര്യം പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ഓർഗനൈസേഷന് ട്രാൻസ്പോർട്ട് കമ്മീഷണർ കത്തയയ്ക്കുകയുണ്ടായി. പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ എൽ.പി.ജി./പ്രൊപ്പൈലീൻ തുടങ്ങി ജ്വലന സ്വഭാവമുള്ള വാതകങ്ങൾ വഹിച്ചുകൊണ്ടുപോകുന്ന ടാങ്കർ ലോറികളിൽ Internal Excess Flow Check Valve ഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി സംഘടന അറിയിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനം 2014 ഡിസംബറോടുകൂടി നടപ്പിൽ വരുത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് സംഘടന അറിയിച്ചിട്ടുണ്ട്.

5. ടാങ്കർ ലോറികളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ പ്രാരംഭദിശയിലാണ്.

(ബി) ഉണ്ട്. ടാങ്കർ ലോറി ദുരന്തം ഉണ്ടാകുമ്പോൾ രക്ഷാ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി മൾട്ടി ഗ്യാസ് ഡിറ്റക്ടർ ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ ഈ സാമ്പത്തികവർഷം വാങ്ങുന്നതിനായി ടെണ്ടർ നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നയപരമായ തീരുമാനമൊന്നും തന്നെ സർക്കാർ എടുത്തിട്ടില്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരിയിൽ 2014 ജനുവരി മാസം 14-ാം തീയതി ഉണ്ടായ ടാങ്കർ ലോറി അപകടത്തിൽ മികച്ച രീതിയിൽ രക്ഷാപ്രവർത്തനം നടത്തിയ 4 ഓഫീസർമാർക്കും 171 ജീവനക്കാർക്കും സത്സേവന പത്രവും ക്യാഷ് അവാർഡും അനുവദിയ്ക്കുന്നതിനുള്ള ശുപാർശ ആഭ്യന്തരവകുപ്പിൽ ലഭിച്ചിട്ടുണ്ട്.

ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് മീറ്റിങ്ങിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പിന്റെ തീരുമാനപ്രകാരം സർക്കാർ തലത്തിൽ തുടർനടപടി സ്വീകരിച്ചും വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly